# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2681 — 14.02.2013 - ൽ മറുപടിക്ക്

## നബാർഡ് സ്കീമിൽ ഉൾപ്പെട്ട കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

(എ) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര കുടിവെള്ള പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്;

(എ) വിവിധ വർഷങ്ങളിലായി താഴെ പറയും പ്രകാരം 134 കുടിവെള്ള പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| 1 | RIDF IX | - | 8 എണ്ണം |
| 2 | RIDF XIV | - | 36 എണ്ണം |
| 3 | RIDF XVI | - | 26 എണ്ണം |
| 4 | RIDF XVII | - | 54 എണ്ണം |
| 5 | RIDF XVIII | - | 10 എണ്ണം |
| | | | 134 |

(ബി) ഓരോ ജില്ലയ്ക്കും അനുവദിച്ച തുക പ്രവർത്തികൾ സഹിതം വ്യക്തമാക്കുമോ;

(ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.

(സി) ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട് എന്നറിയിക്കാമോ;

(സി) ജലനിധി രണ്ടാം ഘട്ടപദ്ധതിയുടെ ആദ്യ ബാച്ചിൽ കോഴിക്കോട് ജില്ലയിലെ താമരശ്ശേരി, ചെറുവണ്ണൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. രണ്ടാം ബാച്ചിൽ കട്ടിപ്പാറ, മണിയൂർ, കീഴരിയൂർ, ഇടച്ചേരി എന്നീ പഞ്ചായത്തുകളെയും തുടർന്നുള്ള ബാച്ചുകളിൽ കോട്ടൂർ, മുക്കം, ചക്കിട്ടപ്പാറ, അരിക്കുളം, നടുവണ്ണൂർ, കുന്നമംഗലം, ചോറോട്, വെള്ളിയാപ്പള്ളി, ആയഞ്ചേരി, നാദാപുരം, പുറമേരി എന്നീ ഗ്രാമപഞ്ചായത്തുകളേയും തെരഞ്ഞെടുത്തിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവർത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

(ഡി) ഒന്നാം ബാച്ചിന്റെ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണ ഘട്ടം പൂർത്തീകരിച്ച് നിർവ്വഹണ ഘട്ടത്തിലേയ്ക്ക് പ്രവേശിക്കുന്ന നിലയിലും രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനങ്ങൾ ആസൂത്രണ ഘട്ടത്തിലുമാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ഫോട്ടോകോപ്പി ചെയ്തത്